പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1379 8.02.2013 ൽ മറുപടിക്ക്

<u>അനധികൃതമായി റേഷൻ ഡിപ്പോ അനുവദിക്കൽ, മാനദണ്ഡം ലംഘിച്ച് സ്ഥലം മാറ്റം - വിജിലൻസ് അന്വേഷണം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.രാജു.എബ്രഹാം<br>ശ്രീ.ബി.സത്യൻ<br>ശ്രീ.സി.കൃഷ്ണൻ | ശ്രീ.അനൂപ് ജേക്കബ്<br><br>(ഭക്ഷ്യവും, പൊതുവിതരണവും, ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) റേഷൻ ഡിപ്പോ അനധികൃതമായി അനുവദിക്കുന്നതിനും മാനദണ്ഡം ലംഘിച്ച് ജീവനക്കാരെ സ്ഥലം മാറ്റുന്നതിനും വൻ കോഴ വാങ്ങിയെന്ന ആക്ഷേപങ്ങൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിജിലൻസ് കോടതി ഉത്തരവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ: | (എ) റേഷൻ ഡിപ്പോ അനധികൃതമായി അനുവദിക്കുന്നതിനും മാനദണ്ഡം ലംഘിച്ച് ജീവനക്കാരെ സ്ഥലം മാറ്റുന്നതിനും കോഴ വാങ്ങിയെന്ന ആക്ഷേപം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സി.എം.പി. നമ്പർ 800/2012-ൽ 10/01/2013-ൽ ബഹുമാനപ്പെട്ട തൃശ്ശൂർ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൻ പ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ Q.V.2/2013/CRE ആയി ഒരു സത്വരാന്വേഷണം നടത്തി വരുന്നു. |
| (ബി) വിജിലൻസ് കോടതി മുൻപാകെ ലഭിച്ച ഹർജിയിലെ പരാതികൾ എന്തെല്ലാമായിരുന്നുഎന്നറിയാമോ; ആരെയെല്ലാം കുറിച്ചാണ് പരാതി; എന്തെല്ലാം തെളിവുകളുടെ അടിസ്ഥാനത്തിലാണ് പരാതി ഉന്നയിക്കപ്പെട്ടിരിക്കുന്നത്; വിശദമാക്കുമോ; | (ബി) റേഷൻ ഡീലേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീ.ബേബിച്ചൻ മുക്കാടന്റെ പരാതിയിൽ റേഷൻ സബ്സിഡി അനുവദിക്കുന്നതിന് 750 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചതിൽ അഴിമതി നടന്നിട്ടുള്ളതായും എ.പി.എൽ, ബി.പി.എൽ. വിഭാഗങ്ങൾക്ക് വിതരണം ചെയ്യേണ്ട അരി എത്തുന്നത് കരിഞ്ചന്തയിലാണെന്നും കോട്ടയം ജില്ലാ സപ്ളൈ ഓഫീസർ ശ്രീമതി.ശ്രീലതയുടെ സ്ഥാനക്കയറ്റത്തിനും സ്ഥലംമാറ്റത്തിനും 3 ലക്ഷം രൂപ പാർട്ടി ജനറൽ സെക്രട്ടറി ശ്രീ.ബിജു മറ്റപ്പള്ളി വാങ്ങിയെന്നും കോട്ടയം സ്വദേശി ശ്രീ.അൻസാരി എന്ന വ്യക്തിക്ക് റേഷൻ ഹോൾസെയിൽ ഡിപ്പോ നിയമവിരുദ്ധമായി അനുവദിച്ചതിൽ ശ്രീമതി.ശ്രീലത 50,000/-രൂപ കൈക്കൂലി വാങ്ങിയിട്ടുണ്ടെന്നും പിറവം തെരഞ്ഞെടുപ്പ് സമയത്ത് ഓരോ റേഷൻ ഡിപ്പോയിൽ നിന്നും 10000 രൂപ വീതം പാർട്ടി ചെയർമാൻ ശ്രീ.ജോണി നെല്ലൂരിന് ശ്രീമതി.ശ്രീലത |

| | |
|---|---|
| | നൽകിയതായും, തൃശ്ശൂർ ജില്ലാ സപ്ലൈ ഓഫീസറെ മാറ്റാതിരിക്കാൻ ഒരു ലക്ഷം രൂപ കൈക്കൂലി വാങ്ങിയതായും , രജിസ്ട്രേഷൻ വകുപ്പിലെ നിയമനം, സ്ഥലം മാറ്റം എന്നീ കാര്യങ്ങളിൽ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ശ്രീ.രാധാകൃഷ്ണൻ അഴിമതി നടത്തി തുടങ്ങിയുള്ള ആരോപണങ്ങളാണ് പരാതിയിലുള്ളത്. താഴെ പറയുന്നവരെക്കുറിച്ചാണ് പരാതി.<br><br>1) ശ്രീ.ബിജു മറ്റപ്പള്ളി, കേരളാ കോൺഗ്രസ്സ്(ജെ) സംസ്ഥാന സെക്രട്ടറി.<br>2) ശ്രീ.ജോണി നെല്ലൂർ, സംസ്ഥാന ചെയർമാൻ, കേരളാ കോൺഗ്രസ്(ജെ).<br>3) ശ്രീ.രാധാകൃഷ്ണൻ, ബഹു:ഭക്ഷ്യസിവിൽ സപ്ളൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.<br>4) ശ്രീ.സി.മോഹനൻ പിള്ള, ജനറൽ സെക്രട്ടറി, കേരളാ കോൺഗ്രസ്സ്(ജെ)<br>5) ശ്രീമതി.എസ്.ശ്രീലത, അക്കൗണ്ട്സ് ഓഫീസർ, സിവിൽ സപ്ളൈസ് ഡയറക്ടേറ്റ്.<br>6) ശ്രീ.അനൂപ് ജേക്കബ്, ഭക്ഷ്യ സിവിൽ സപ്ളൈസ്/ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി.<br>സ്വകാര്യ ടെലിവിഷൻ ചാനലിലെ റിപ്പോർട്ട്, അഭിമുഖം എന്നിവ സംബന്ധിച്ച സിഡികൾ, മലയാള മനോരമ, ദേശാഭിമാനി പത്രവാർത്തകളുടെ പകർപ്പുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് പരാതി നൽകിയിട്ടുള്ളത്. |
| (സി) വിജിലൻസ് അന്വേഷണം നടക്കുമ്പോൾ പരാതിയിൽ ആക്ഷേപിക്കപ്പെട്ടവർ ആരെങ്കിലും തൽസ്ഥാനങ്ങളിൽ തുടരുന്നുണ്ടോ ? | (സി) ഉണ്ട്. |

സെക്ഷൻ ഓഫീസർ